REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രം ഇന്ന് 77-ാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. ന്യൂഡൽഹി കർത്തവ്യപഥിൽ രാഷ്ട്രപതി ദ്രൗപദിമുർമു പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.**
- **70 സായുധ സേനാ ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതിയുടെ ധീരതാ പുരസ്കാരം.**
- **രാജ്യത്തിന്റെ സാമ്പത്തിക ഭാവി രൂപപ്പെടുത്തുന്ന യാത്രയിൽ, സ്വയം പര്യാപ്തതയും സ്വദേശി കാഴ്ചപ്പാടും മാർഗ്ഗനിർദ്ദേശകങ്ങളാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**
- **സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് സമ്മാനിച്ചു.**
- **ന്യൂസിലാന്റിനെതിരായ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്.**

## വാർത്തകൾ വിശദമായി

രാഷ്ട്രം ഇന്ന് 77-ാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. രാവിലെ ന്യൂഡൽഹി കർത്തവ്യപഥിൽ രാഷ്ട്രപതി ദ്രൗപദിമുർമു പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും. പത്തരയോടെ ആരംഭിക്കുന്ന പരേഡ് ഒന്നരമണിക്കൂറോളം രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യവും, സൈനിക ശേഷിയും വെളിപ്പെടുത്തും. 'സ്വതന്ത്രതാ കാ മന്ത്ര - വന്ദേമാതരം', 'സമൃദ്ധി കാ മന്ത്ര - ആത്മനിർഭർ ഭാരത്' എന്നിവയാണ് ഈ വർഷത്തെ ദിനാഘോഷ പ്രമേയം.

ഡെസ്ക് റിപ്പോർട്ട്....

...... വോയ്സ്.....

പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ ഒമ്പതരയോടെ ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിക്കുന്നതോടെ റിപ്പബ്ലിക് ദിന പരേഡ് ആരംഭിക്കും. കർത്തവ്യപഥിലെത്തുന്ന ദ്രൗപദി മുർമു പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയും, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും പരേഡിലെ മുഖ്യാതിഥികളായി പങ്കെടുക്കും. വിവിധ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, മന്ത്രാലയങ്ങൾ, വകുപ്പുകൾ എന്നിവയുടെ 30 നിശ്ചല ദൃശ്യങ്ങൾ പരേഡിൽ അണിനിരക്കും. കര, നാവിക, വ്യോമ സേനകളുടെ കൂട്ടായ ശക്തിയെയും സംയോജനത്തെയും പ്രതിനിധീകരിക്കുന്ന 'ഓപ്പറേഷൻ സിന്ദൂർ: സംയുക്ത വിജയം' എന്ന നിശ്ചല ദൃശ്യം സൈന്യം പരേഡിൽ അവതരിപ്പിക്കും. വന്ദേമാതരത്തിന്റെ 150-ാം വാർഷികം, സ്വയം പര്യാപ്തത രാജ്യത്തിന്റെ ത്വരിത വികസനം എന്നിവ കേന്ദ്രീകരിച്ചായിരിക്കും നിശ്ചല ദൃശ്യങ്ങൾ. സൈന്യത്തിന്റെ 18 മാർച്ചിംഗ് സംഘങ്ങളും 13 ബാൻഡുകളും പരേഡിൽ അണിനിരിക്കും. 2,500 ലേറെ കലാ പ്രവർത്തകർ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കും. വിവിധ മേഖലകളിൽ മികവ് പുലർത്തിയ 10,000 പ്രത്യേക അതിഥികൾ പരിപാടിയിൽ പങ്കെടുക്കും. 29 വിമാനങ്ങളുടെ ഫ്ലൈപാസ്റ്റോടെ പരേഡ് സമാപിക്കും.

✪✪✪

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച്, 70 സായുധ സേനാ ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ധീരതാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഇവരിൽ ആറ് പേർക്ക് മരണാനന്തരമാണ് ബഹുമതി നൽകുന്നത്.

അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിച്ച ആദ്യ ഇന്ത്യക്കാരനെന്ന ചരിത്രം കുറിച്ച ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയ്ക്ക് അശോകചക്ര പ്രഖ്യാപിച്ചു. ഗ്രൂപ്പ് ക്യാപ്റ്റനും മലയാളിയുമായ പ്രശാന്ത് ബാലകൃഷ്ണൻ നായർ ഉൾപ്പെടെ മൂന്ന് പേരാണ് കീർത്തി ചക്രയ്ക്ക് അർഹരായത്. 13 ശൗര്യ ചക്രയും, 44 ഗാലന്ററി സേനാ മെഡലുകളും, ആറ് ഗാലന്ററി നാവോ സേനാ മെഡലുകളും, രണ്ട് ഗാലന്ററി വായു സേനാ മെഡലുകളും ഇതോടൊപ്പം പ്രഖ്യാപിച്ചു. സായുധ സേനാംഗങ്ങൾക്കും മറ്റ് ഉദ്യോഗസ്ഥർക്കുമായി 301 സൈനിക ബഹുമതികളും നൽകും.

✪✪✪

രാഷ്ട്രപതിയുടെ 2025 ലെ ജീവൻ രക്ഷാ പഥക് പുരസ്കാരങ്ങൾക്ക് 30 പേർ അർഹരായി. ആറ് പേർക്ക് വീതം സർവോത്തം ജീവൻ രക്ഷാ പഥകും, ഉത്തം ജീവൻ രക്ഷാ പഥകും സമ്മാനിക്കും. 18 പേരാണ് ജീവൻ രക്ഷാ പഥകിന്

അർഹരായത്. അവാർഡ് ജേതാക്കളിൽ ആറ് പേർക്ക് മരണാനന്തരമാണ് ബഹുമതി നൽകുന്നത്.

✪✪✪

റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിൽ നൂറിലേറെ പ്രധാൻമന്ത്രി ഇന്റേണുകളെ പരേഡിലേക്ക് വിശിഷ്ടാതിഥികളായി ക്ഷണിച്ചു. ഇവർക്കായി മൂന്ന് ദിവസത്തെ പ്രത്യേക പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലെ റിപ്പബ്ലിക് ദിനാഘോഷത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും.

ആകാശവാണി ലേഖകൻ സ്മിതിഎം.പള്ളുരുത്തി......................

......വോയ്സ്.........

റിപബ്ലിക് ദിനാഘോഷത്തിൽ അശ്വാരൂഢ സേന, സംസ്ഥാന പോലീസ്, എൻസിസി, സ്ക്കൗട്ട്സ്, ഗൈഡ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ. എൻഎസ്എസ് വാളണ്ടിയർമാർ തുടങ്ങിയ വിഭാഗങ്ങളുടെ അഭിവാദ്യം ഗവർണർ സ്വീകരിക്കും. തുടർന്നാവും റിപബ്ലിക് ദിന സന്ദേശം നൽകുക. വ്യോമസേന ഹെലികോപ്റ്ററിൽ പുഷ്പവൃഷ്ടി നടത്തും. പരേഡിനു ശേഷം വിവിധ സ്ക്കൂളുകളിലെ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന ദേശഭക്തിഗാനങ്ങളും സാംസ്ക്കാരിക പരിപാടികളും ഉണ്ടാകും.

✪✪✪

ജില്ലകളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും. കാസർകോട്ട് മന്ത്രി AK ശശീന്ദ്രനും, കണ്ണൂരിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും, വയനാട്ടിൽ മന്ത്രി OR കേളുവും, കോഴിക്കോട്ട് മന്ത്രി PA മുഹമ്മദ് റിയാസും, എറണാകുളത്ത് മന്ത്രി P രാജീവും, പത്തനംതിട്ടയിൽ മന്ത്രി വീണാ ജോർജ്ജും പതാക ഉയർത്തും.

✪✪✪

രാജ്യത്തിന്റെ സാമ്പത്തിക ഭാവി രൂപപ്പെടുത്തുന്ന യാത്രയിൽ, സ്വയം പര്യാപ്തതയും സ്വദേശി കാഴ്ചപ്പാടും മാർഗ്ഗനിർദ്ദേശകങ്ങളാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു വ്യക്തമാക്കി. 77-ാമത് റിപ്പബ്ലിക് ദിനതലേന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

ഇന്ത്യയുടെ യുവത പ്രതിഭകൊണ്ടും ബാഹുല്യം കൊണ്ടും ആഗോളതലത്തിൽ മുൻപന്തിയിലാണെന്ന് ദ്രൗപതി മുർമു പറഞ്ഞു. ഇന്ത്യയിലെ യുവ സംരംഭകർ

പലമേഖലകളിലും അസാമാന്യ മികവ് തെളിയിച്ചതായി രാഷ്ട്രപതി വിലയിരുത്തി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......വോയ്സ്......

ആഗോള പ്രശ്നങ്ങൾക്കിടയിലും ഇന്ത്യ തുടർച്ചയായ സാമ്പത്തിക വളർച്ച നേടിയിട്ടുണ്ടെന്ന് ദ്രൗപതി മുർമു അറിയിച്ചു. ലോകത്തിലെ ഏറ്റവും വേഗം വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറി കഴിഞ്ഞു. ലോകത്ത് മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്ക് രാജ്യം നീങ്ങിക്കൊണ്ടിരിക്കുക യാണെന്നും രാഷ്ട്രപതി വ്യക്തമാക്കി.

ഓപ്പറേഷൻ സിന്ദൂറിൽ ഭീകര കേന്ദ്രങ്ങൾക്കുനേരെ ഇന്ത്യ നടത്തിയ സൂക്ഷ്മമായ ആക്രമണം രാജ്യരക്ഷാ രംഗത്തെ രാജ്യത്തിന്റെ മികവ് തെളിയിക്കുന്നതാണെന്ന് ദ്രൗപതി മുർമു പറഞ്ഞു. വനിതകൾ രാജ്യത്തിന്റെ സമഗ്ര വികസനത്തിന് നൽകുന്ന സംഭാവനകളും പ്രസംഗത്തിൽ രാഷ്ട്രപതി പ്രത്യേകം പരാമർശിച്ചു.

✪✪✪

പത്മ അവാർഡുകൾ കേരളത്തിന് ലഭിച്ച അംഗീകാരമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അഭിപ്രായപ്പെട്ടു. അന്തരിച്ച മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദൻ, സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് KT തോമസ്, ജന്മഭൂമി ദിനപത്രത്തിന്റെ മുൻ പത്രാധിപരും മുതിർന്ന എഴുത്തുകാരനുമായ P നാരായണൻ എന്നിവരാണ് പത്മവിഭൂഷൺ നേടിയത്.

മമ്മൂട്ടിക്കും, SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും പത്മഭൂഷൺ ലഭിച്ചത് ഏറെ സന്തോഷകരമാണെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

കലാമണ്ഡലം വിമല മേനോൻ, കൊല്ലക്കൽ ദേവകിയമ്മ എന്നിവരുടെ പത്മശ്രീ പുരസ്കാരം സമൂഹത്തിന് അവർ നൽകിയ സേവനങ്ങൾക്ക് അംഗീകാരമാണെന്നും സംസ്ഥാന പ്രസിഡന്റ് വിലയിരുത്തി.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനം മറ്റന്നാൾ ആരംഭിക്കും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാകുന്നത്. ഫെബ്രുവരി ഒന്നിന് കേന്ദ്ര ബജറ്റ് അവതരിപ്പിക്കും. ബജറ്റിന് മുന്നോടിയായി സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും.

✪✪✪

സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ തിരുവനന്തപുരത്ത് വിതരണം ചെയ്തു. സംസ്ഥാന ഗവൺമെന്റിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ JC ഡാനിയൽ പുരസ്കാരം നടി ശാരദ മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി. മമ്മുട്ടി മികച്ച നടൻ പുരസ്കാരവും, ഷംല ഹംസ മികച്ച നടിക്ക് ഏർപ്പെടുത്തിയ പുരസ്കാരവും സ്വീകരിച്ചു.

✪✪✪

നിശ്ശബ്ദതമാക്കപ്പെടുന്നവരുടെ നിലവിളികളെ കലയിലൂടെ ആവിഷ്കരിക്കുക എന്ന മഹാത്തായ ദൗത്യമാണ് അന്താരാഷ്ട്ര നാടകോത്സവം നിർവഹിക്കുന്നതെന്ന് മന്ത്രി K രാജൻ പറഞ്ഞു. തൃശൂർ കേരള സംഗീത നാടക അക്കാദമിയിൽ പതിനാറാമത് അന്താരാഷ്ട്ര നാടകോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ന്യൂസിലാന്റിനെതിരായ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ഗോഹട്ടിയിലെ ബെർസാപാഡ സ്റ്റേഡിയത്തിൽ എട്ട് വിക്കറ്റിനാണ് ഇന്ത്യ ന്യൂസിലാന്റിനെ തകർത്തത്. ഇതോടെ അഞ്ച് മത്സര പരമ്പരയിലെ ആദ്യ മൂന്നു മത്സരങ്ങളും ഇന്ത്യ സ്വന്തമാക്കി. ന്യൂസിലാന്റ് ഉയർത്തിയ 154 റൺസ് വിജയലക്ഷ്യം പത്ത് ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. 20 പന്തിൽ നിന്ന് 68 റൺസെടുത്ത അഭിഷേക് ശർമ ഇതോടെ ട്വന്റി 20 അന്താരാഷ്ട്ര മത്സരങ്ങളിലെ വേഗതയേറിയ രണ്ടാമത്തെ അർദ്ധ സെഞ്ച്വറി നേടുന്ന കളിക്കാരൻ എന്ന റെക്കോർഡ് നേടി. ജസ്പ്രീത് ബുമ്റയാണ് പ്ലെയർ ഓഫ് ദ മാച്ച്. നാലാം മത്സരം ബുധനാഴ്ച വിശാഖപട്ടണത്താണ്.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് മുൻ പ്രസിഡന്റ് ഇന്ദർജിത്ത് സിംഗ് ബിന്ദ്ര അന്തരിച്ചു. അദ്ദേഹത്തിന് 84 വയസ്സായിരുന്നു. 1993 മുതൽ 96 വരെ BCCI പ്രസിഡന്റായിരുന്നു. മൂന്ന് പതിറ്റാണ്ടിലേറെ പഞ്ചാബ് ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റുമായിരുന്നു ബിന്ദ്ര.

✪✪✪

ഭോപ്പാലിൽ സമാപിച്ച അഖിലേന്ത്യാ അന്തർ സർവ്വകലാശാല റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് സർവ്വകലാശാല രണ്ടാം സ്ഥാനം നേടി. ടീമിനെയും പരിശീലകരെയും സർവ്വകലാശാല കായിക വിഭാഗം അഭിനന്ദിച്ചു.

✪✪✪

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കാസർഗോഡ് ജില്ലാ സമ്മേളനം മടിക്കൈ കാലിച്ചാംപൊതിയിൽ ഇന്ന് സമാപിക്കും. ഇന്നലെ കേന്ദ്ര സർവകലാശാല സ്കൂൾ ഓഫ് മെഡിസിൻ വിഭാഗം ഡീൻ പ്രഫസർ മാത്യു ജോർജ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

കാസർകോട് നിന്നും പി.ജഗന്നിവാസൻ..........

........വോയ്സ്...........

✪✪✪

കേരള ലിറ്ററേച്ചർ ഫെസ്റ്റ് ഒമ്പതാം പതിപ്പ് കോഴിക്കോട് സമാപിച്ചു. സമാപന സമ്മേളനം അഹമ്മദ് ദേവർകോവിൽ എംഎൽഎ ഉദ്ഘാടനം ചെയ്തു. നാല് ദിവസത്തെ സാഹിത്യോത്സവം ജനപങ്കാളിത്തം കൊണ്ടും സംവാദങ്ങൾ കൊണ്ടും ശ്രദ്ധേയമായി.

ബഹിരാകാശ സഞ്ചാരി സുനിതാ വില്യംസും, നൊബേൽ, ബുക്കർ പുരസ്കാര ജേതാക്കളും ഉൾപ്പെടെ 18 രാജ്യങ്ങളിലെ പ്രമുഖർ മേളയുടെ ഭാഗമായി.

✪✪✪

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025-ലെ വൈജ്ഞാനിക പുരസ്കാരങ്ങൾ നാളെ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും.

NV കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം, MP.കുമാരൻ സ്മാരക വിവർത്തനപുരസ്കാരം, ഡോ.KM.ജോർജ് സ്മാരക ഗവേഷണ പുരസ്കാരം എന്നിവയാണ് ചടങ്ങിൽ വിതരണം ചെയ്യുന്നത്.

✪✪✪

CPIM കണ്ണൂർ ജില്ലാ കമ്മിറ്റി യോഗം രാവിലെ ചേരും. TI മധുസൂദനൻ MLA യ്ക്കെതിരെ സാമ്പത്തികാപഹരണ ആരോപണം ഉന്നയിച്ച ജില്ലാ കമ്മിറ്റി അംഗം V. കുഞ്ഞികൃഷ്ണനെ പുറത്താക്കുന്നത് സംബന്ധിച്ച തീരുമാനം യോഗത്തിൽ ഉണ്ടായേക്കുമെന്നാണ് സൂചന.

ഇന്നലെ ജില്ലാ സെക്രട്ടറിയേറ്റ് യോഗം ചേർന്നിരുന്നു.

✪✪✪

T I മധുസൂദനൻ MLA രാജിവെക്കണമെന്നാവശ്യപ്പെട്ട് പയ്യന്നൂരിൽ പ്രകടനം നടത്തിയ കോൺഗ്രസ്, BJP പ്രവർത്തകരെ ആക്രമിച്ച സംഭവത്തിൽ 33 പേർക്കെതിരെ പയ്യന്നൂർ പോലീസ് കേസെടുത്തു.

കോൺഗ്രസ്, BJP പ്രവർത്തകർ ശനിയാഴ്ച വൈകിട്ട് നടത്തിയ പ്രകടനങ്ങൾക്ക് നേരെയാണ് ആക്രമണമുണ്ടായത്.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*